VII നിയമസഭാ നടപടിച്ചട്ടം ഭാഗികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 142-ാം ചട്ടത്തിന്റെയും 236-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടത്തിന്റെയും വെളിച്ചത്തിൽ 2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനയിന്മേൽ സബ്ജക്ട് കമ്മിറ്റി നടത്തേണ്ടുന്ന പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം സംജാതമായത് പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുവാൻ സൗകര്യം ലഭിക്കുന്നതിനായി 236-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ ഭാഗികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയം അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. എം. മാണി : ഡി.എ. അനുവദിച്ചതിലുള്ള ഡെഫിസിറ്റ് എത്ര ആയിരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കണം.

മി. സ്പീക്കർ : ഇതുകൂടെ അതിൽ കൂട്ടിയാൽ മതിയല്ലോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞാൻ വായിക്കാം, in the total provisions , for salary- 4110, കോടിരൂപ അതിൽ 1,441,80 കോടി രൂപ ഡിയർനസ് അലവൻസ്, out of this ഇതിൽ നിന്ന് 750.92 കോടി രൂപ additional instalments of DA ക്കു മാത്രമാണ്. Let me assure this House that I would be the last person to exclude Dearness Allowance for the State from the salary provision, thus Government will not need to add a single paise more to the Revenue Deficit for providing Dearness Allowance to our employees. We have covered that.

ശ്രീ. കെ.എം. മാണി : പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ : മറ്റു ബിസിനസ്സിലേക്ക് കടക്കുകയാണ്.....(ബഹളം) .... തർക്കം വേണ്ട.

ശ്രീ. ടി. ശിവദാസമേനോൻ : കുടിശ്ശിക കിട്ടുകയില്ല എന്ന് വ്യാപകമായി പ്രചരിപ്പിക്കുന്നതുകൊണ്ടാണ് ഈ അനൗൺസ്മെന്റ് അല്ലാതെ എന്തിനാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പ് മന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

2000 മാർച്ച് മാസം 23-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.50ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly